DESPATCHED
24/11/21

6/11/2021

സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
തിരുവനന്തപുരം 695 001
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

ഹർജി നമ്പർ **AP No.2032(6)/2014**/*എസ്.ഐ.സി.*

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

(ഫയൽ നം.*12555/എസ്.ഐ.സി-ജി 5/2014*)

സന്നിഹിതൻ

അഡ്വ. എച്ച്. രാജീവൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

ശ്രീ. കിഷോർ എ. സാഹിബ്
കെ.എ.എസ്. മൻസിൽ,
തകരപ്പറമ്പ്, പോങ്ങനാട് പി.ഒ.,
കിളിമാനൂർ, തിരുവനന്തപുരം-695601 } അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
   വില്ലേജ് ആഫീസർ, വില്ലേജ് ആഫീസ്,
   കിളിമാനൂർ, തിരുവനന്തപുരം

2. അപ്പീൽ അധികാരി &
   അഡീഷണൽ തഹസിദാർ,
   താലൂക്ക് ആഫീസ്, ചിറയിൻകീഴ്,
   തിരുവനന്തപുരം

} എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 03.05.2014 |
| മറുപടി ലഭ്യമാക്കിയ തീയതി | 30.05.2014 |
| ഒന്നാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 09.06.2014 |
| മറുപടി ലഭ്യമാക്കിയ തീയതി | 05.07.2014 |
| രണ്ടാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 06.08.2014 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 08.08.2014 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 02.09.2014 |
| മേൽ പ്രകാരമുള്ള റിപ്പോർട്ട് ലഭിച്ച തീയതി | 22.09.2014 |
| ഹിയറിംഗ് തീയതി & സ്ഥലം | 29.10.2021 & കമ്മീഷൻ ആസ്ഥാനം |

| ഹിയറിംഗിലെ സാന്നിദ്ധ്യം | |
|---|---|
| ഹർജിക്കാരൻ | ഹാജരായി |
| ഒന്നാം എതിർകക്ഷി | ഹാജരായി |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരനായ ശ്രീ. കിഷോർ എ. സാഹിബ് കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ അപേക്ഷയിൽ ബോധിപ്പിച്ചത്, ടിയാൻ വിവരാവകാശ നിയമപ്രകാരം സമർപ്പിച്ച അപേക്ഷയിന്മേൽ വ്യക്തമായ വിവരങ്ങൾ ലഭ്യമാക്കിയില്ലെന്നും ആയതിനാൽ ഒന്നാം അപ്പീൽ അപേക്ഷ സമർപ്പിച്ചുവെന്നും ആയതിന്മേലും വ്യക്തമായ വിവരങ്ങൾ ലഭ്യമായില്ലെന്നും ആയതിനാൽ കമ്മീഷൻ ഇടപെട്ട് വിവരങ്ങൾ ലഭ്യമാക്കാൻ വേണ്ട നടപടി സ്വീകരിക്കണമെന്നുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ ഹർജിക്കാരൻ 03.05.2014 ൽ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടത്, കിളിമാനൂർ വില്ലേജിൽ നമ്പർ 29 നൽ എത്ര പൊതുവഴികൾ ഉണ്ടെന്നും, 29–ാം ബ്ലോക്ക് നമ്പരിൽ പ്രകാരം വസ്തു വിസ്തീർണ്ണം എത്രയാണെന്നും മറ്റുമായി 6 ഇനങ്ങളിലായുള്ള വിവരങ്ങളാണ്.

ടി അപേക്ഷയിന്മേൽ ഒന്നാം എതിർകക്ഷി 30.05.2014 തീയതി മറുപടി നൽകിയതായി കാണുന്നു. എന്നാലും പൂർണ്ണമായി വിവരങ്ങൾ നൽകിയതായി കാണുന്നില്ല. ആയതിനാൽ ഹർജിക്കാരൻ 09.06.2014 തീയതി ഒന്നാം അപ്പീൽ അപേക്ഷ സമർപ്പിച്ചു. ആയതിന്മേൽ രണ്ടാം എതിർകക്ഷി 05.07.2014 ൽ അപ്പീൽ തീർപ്പാക്കിയതായി കാണുന്നു.

3. രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ 19.09.2014 ൽ സമർപ്പിച്ച റിപ്പോർട്ടിലൂടെ അറിയിച്ചത്, ഹർജികക്ഷി ആവശ്യപ്പെട്ട വിവരങ്ങൾ നൽകുക എന്നത് ശ്രമകരമായ ഒരു ജോലിയാണെന്നും എന്നാൽ ബ്ലോക്ക് നം 29-ൽ സർവ്വെ നമ്പർ 92/2, 92/3 92/4 92/5 എന്നിവയുടെ സ്കെച്ച് പ്ലാനിന്റെ കോപ്പി ലഭ്യമാക്കുന്നതിന് ഫീസ് അടക്കാൻ നിർദ്ദേശിച്ചിരുന്നുവെന്നുമാണ്.

4. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരന്റെ 03.05.2014 ലെ വിവരാവകാശ അപേക്ഷയിന്മേൽ ഒന്നാം എതിർകക്ഷി 30.05.2014 തീയതി മറുപടി നൽകിയതായി കാണുന്നു. ഹർജിക്കാരൻ 09.06.2014 ൽ അപ്പീൽ അപേക്ഷ സമർപ്പിച്ചതിന്മേൽ അപ്പീൽ അധികാരി ടി അപ്പീൽ അപേക്ഷ 05.07.2014 ൽ തീർപ്പാക്കിയതായി കാണുന്നു. ഹിയറിംഗിൽ പങ്കെടുത്ത ഒന്നാം എതിർകക്ഷി മൊഴി നൽകിയത്, 01.01.2003 മുതൽ 30.10.2003 വരെയുള്ള കാലം ഒരു കൂട്ടം ജീവനക്കാർ ചേർന്ന് തയ്യാറാക്കിയ ഫീൽഡ് മെഷർമെന്റ് ഷീറ്റുകളിലായി ഉൾപ്പെട്ട വിവരങ്ങൾ ആണ് അപേക്ഷകൻ ആവശ്യപ്പെട്ടിരിക്കുന്നതെന്നും കക്ഷി ഏതെങ്കിലും ഒരു സർവ്വെ നമ്പരിൽ ഉൾപ്പെട്ട വിവരങ്ങൾ അല്ല ആവശ്യപ്പെട്ടിരിക്കുന്നതെന്നും 3 മുതൽ 4 കി.മീ. ചുറ്റളവിൽ ഉൾപ്പെട്ടു വരുന്ന സ്ഥലങ്ങൾ ഓരോന്നിനും ഒട്ടേറെ എഫ്.എം.ബി.യാണ് നിലവിലുള്ളതെന്നും അവ യോജിപ്പ് ചേർത്താൽ മാത്രമേ ഒരു സ്ഥലത്തിന്റെ തന്നെ യഥാർത്ഥ സർവ്വെ നമ്പരുകൾ ഫീൽഡിൽ പോയി കണ്ടെത്തുവാൻ കഴിയുകയുള്ളുവെന്നും വിസ്തീർണ്ണം കറക്റ്റ് ആയി പറയാൻ ഒരിക്കലും സ്കെച്ച് നോക്കി നൽകാൻ കഴിയില്ലെന്നും യഥാർത്ഥ രേഖകൾ എല്ലാം സർവ്വെ ഓഫീസ് വഴുതയ്ക്കാട് മെയിൻ ഓഫീസിൽ ആണ്

ഉള്ളതെന്നും ടി രേഖകൾ നൽകാൻ പ്രായോഗിക ബുദ്ധിമുട്ടുകൾ ധാരാളം ഉണ്ടാകുമെന്നും ഓഫീസ് പ്രവൃത്തി സമയം മാറ്റി വച്ചാൽ തന്നെയും കണ്ടെത്താൻ മൂന്നോ നാലോ മാസങ്ങൾ വേണ്ടി വരുമെന്നും മറ്റുമാണ്. കമ്മീഷൻ മുമ്പാകെ ഇരു കക്ഷികളും നേരിൽ സംസാരിച്ച് നിജസ്ഥിതി ബോധ്യപ്പെട്ട സാഹചര്യത്തിൽ ഹർജികക്ഷി ടിയാന്റെ പരാതി തുടരേണ്ടതില്ല എന്നു കമ്മീഷനെ അറിയിച്ചു. ടി സാഹചര്യത്തിൽ ഈ അപ്പീൽ ഹർജിയിൽ മറ്റു നടപടികൾ ആവശ്യമില്ലെന്നു വിലയിരുത്തി, ഈ അപ്പീൽ ഹർജി ഇന്നേ ദിവസം 2021, നവംബർ 06-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)

അഡ്വ.എച്ച്. രാജീവൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

അഡീഷണൽ സെക്രട്ടറി (നിയമം)
dp